

ലോക പരിസ്ഥിതി ദിനം - ജൂൺ 5,2006

നമുക്ക് മരുഭൂമികൾ സൃഷ്ടിക്കാതിരിക്കാം!

ഡോ. എ.ബിജുകുമാർ

ഒരുകാലത്ത് കൊടുംകാടായിരുന്ന സഹാറ ഇന്ന് ലോകത്തെ ഏറ്റവും വലിയ മരുഭൂമിയായതിനു പിന്നിലും മനുഷ്യന്റെ കരങ്ങളുണ്ട്. കന്നുകാലികൾ പുല്ലു തിന്നതു കൊണ്ടാണത്രേ സഹാറ കാലക്രമത്തിൽ മരുഭൂമിയായി തീർന്നത്!

"സൈലന്റ് വാലിയിൽ നിന്നും അട്ടപ്പാടിയിലേക്കുള്ള ദൂരം ഒരു മഴുവിന്റേതുമാത്രമാണ്." കേരളത്തിലെ മഴക്കാടിന്റെ ബാക്കി പത്രമായി നൂറ്റാണ്ടുകൾ നീണ്ട അതിജീവനപ്രക്രിയയുടെ മന്ത്രങ്ങൾ പേറുന്ന ജീനുകളുടെയും, ജൈവജാതികളുടെയും, വൈവിധ്യമാർന്ന നിരവധി ആവാസവ്യൂഹങ്ങളുടെയും സഞ്ചയമായി നിലകൊള്ളുന്ന സൈലന്റ് വാലി ദേശീയോദ്യാനത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന ഒരു വാചകമാണ് മേൽപ്പറഞ്ഞത്. കഴിഞ്ഞ ഏതാനും ദശകങ്ങളിലെ മനുഷ്യന്റെ ഇടപെടലുകൾ കൊണ്ടുമാത്രം അന്യം നിന്നുപോയ ഒരു മഴക്കാടിന്റെ തിരുശേഷിപ്പുകൾ മാത്രമാണ് വിശ്വപൈതൃക കേന്ദ്രമായ സൈലന്റ് വാലിയോടു ചേർന്നുകിടക്കുന്ന അട്ടപ്പാടിയിൽ നമുക്ക് കാണാനാവുക. കാടുകളിൽ നിന്നും മരുഭൂമികൾ സൃഷ്ടിച്ചെടുക്കുന്ന 'സാങ്കേതികവിദ്യ' മനുഷ്യനുമാത്രം സ്വന്തം. ഒരുകാലത്ത് കൊടുംകാടായിരുന്ന സഹാറ ഇന്ന് ലോകത്തെ ഏറ്റവും വലിയ മരുഭൂമിയായതിനു പിന്നിലും മനുഷ്യന്റെ കരങ്ങളുണ്ട്. കന്നുകാലികൾ പുല്ലുതിന്നതുകൊണ്ടാണത്രേ സഹാറ കാലക്രമത്തിൽ മരുഭൂമിയായി തീർന്നത്! ലോകത്ത് ഏറ്റവുമധികം മഴലഭിക്കുന്ന ചിറാപുഞ്ചിയിൽ മഴക്കാലത്തിനുശേഷം ജനങ്ങൾ വെള്ളത്തിനായി കേഴുന്ന അവസ്ഥ!

പ്രകൃതിക്കുമേലുള്ള അധീശത്വത്തിന് മനുഷ്യൻ ശ്രമിക്കുമ്പോഴൊക്കെ അവൻ അമ്പേ പരാജയപ്പെടുന്ന കാഴ്ചകളാണ് നാം കണ്ടിട്ടുള്ളത്. ഇന്ന് ലോകം നേരിടുന്ന പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങളിലൊന്ന് വരണ്ടഭൂമികളുടെ നാശവും മരുവൽക്കരണവുമാണ്. ഈ അവസരത്തിലാണ് മറ്റൊരു ലോക പരിസ്ഥിതി ദിനവും കൂടി കടന്നുവരുന്നത്. ഐക്യരാഷ്ട്ര സംഘടനയുടെ പൊതുസഭ 2006-ാമാണ്ട് മരുഭൂമികളെയും മരുവൽക്കരണത്തെയും

Scanned by CamScanner

സംബന്ധിച്ച അന്തർദേശീയ വർഷമായി ആചരിക്കാൻ തീരുമാനിക്കുകയുണ്ടായി. ജൈവവൈവിധ്യ ഉടമ്പടിയുടെ ഓഫീസും ഈ വർഷത്തെ അന്തർദേശീയ ജൈവവൈവിധ്യ ദിനത്തിന്റെ (മേയ് 22) മുഖ്യപ്രമേയമായി തിരഞ്ഞെടുത്തത്. "വരണ്ട ഭൂമിയിലെ ജൈവവൈവിധ്യം സംരക്ഷിക്കുക" എന്നതാണ്. ഐക്യരാഷ്ട്ര പരിസ്ഥിതി പരിപാടി (UNEP) ഈ വർഷത്തെ ലോകപരിസ്ഥിതി ദിനത്തിന്റെ മുഖ്യപ്രമേയമായി "മരുഭൂമിയും മരുവൽക്കരണവും" എന്ന വിഷയമാണ് തിരഞ്ഞെടുത്തിരിക്കുന്നത്. "വരണ്ട ഭൂമികളെ ഉപേക്ഷിക്കാതിരിക്കുക" എന്നതാണ് ഈ വർഷത്തെ ലോകപരിസ്ഥിതി ദിനത്തിലെ മുദ്രാവാക്യം.

വരണ്ട ഭൂമികളുടെ (drylands) പ്രാധാന്യത്തെപ്പറ്റിയും മരുവൽക്കരണത്തിന്റെ വിപത്തുകളെപ്പറ്റിയും മനസ്സിലാക്കാം. ഭൂമിയുടെ കരഭാഗത്തിൽ 40 ശതമാനവും വരണ്ട ഭൂമിയാണ്. വർഷപാതത്തിലെ കുറവും ബാഷ്പോത്സർജനത്തിന്റെ ആധിക്യവും ഉള്ള വരണ്ടഭൂമികൾ വളരെ ലോലമായ ആവാസവ്യവസ്ഥകളാണ്. പുൽമേടുകൾ തുടങ്ങി കാടുകളും കാവുകളും തണ്ണീർത്തടങ്ങളും തീരപ്രദേശങ്ങളും വരെയുള്ള വൈവിധ്യമാർന്ന ആവാസവ്യവസ്ഥകൾ ഈ വിഭാഗത്തിൽ ഉൾപ്പെടാം. വരണ്ടതും അൽപ്പാർദ്രവുമായ ആവാസവ്യവസ്ഥകൾ ഈ നിർവചനത്തിനുള്ളിൽ വരും. ഭൂമിശാസ്ത്രപരമായ കിടപ്പ്, കാലാവസ്ഥ, ജൈവവൈവിധ്യം തുടങ്ങിയവയിലൊക്കെ ഭിന്നാത്മകത പ്രകടിപ്പിക്കുന്ന വരണ്ട ഭൂമികൾ ഇന്ന് നാശത്തിന്റെ വക്കിലാണ്. ഒരുപക്ഷേ മനുഷ്യൻ ഏറ്റവുമധികം അവഗണിച്ചിരിക്കുന്നതും പഠനവിധേയമാക്കിയിട്ടില്ലാത്തതും അതുകൊണ്ടുതന്നെ അതിവേഗം നാശത്തിലേക്കുകൂപ്പുകുത്തുന്നതുമായ വരണ്ട ഭൂമികളുടെ സംരക്ഷണം വികസനസംരക്ഷണ പ്രവർത്തനങ്ങളിൽ ഒരു പ്രധാന അജണ്ടയായി മാറേണ്ടിയിരിക്കുന്നു.

ദാരിദ്ര്യത്തിൽ കഴിയുന്ന ലോകജനതയുടെ പകുതിഭാഗവും വരണ്ടഭൂമികളിലെ അന്തേവാസികളാണ്. ഈ ഭൂമിയിൽ നിന്നുള്ള വിഭവങ്ങൾ മാത്രമാണ് അവരുടെ ജീവൻ നിലനിറുത്തുന്നത്. ലോകത്തെ കൃഷിയിടങ്ങളുടെ 43 ശതമാനവും വരണ്ടഭൂമികളാണ്. മലയോരത്തെ വരണ്ടഭൂമികളിൽ കൃഷി നടത്തുന്ന ആദിവാസികൾ കേരളത്തിലുമുണ്ട്. കാണിക്കാർ പ്രത്യേക ഇനം നെൽവിത്ത് ഉപയോഗിച്ച് വെള്ളമില്ലാതെതന്നെ നെൽകൃഷി നടത്തുന്നുണ്ട്. ജൈവവൈവിധ്യത്തിന്റെ കേന്ദ്രങ്ങളാണ് വരണ്ടഭൂമികൾ. അടിക്കടി ഉണ്ടാകുന്ന വരൾച്ചയിലും വെള്ളപ്പൊക്കത്തിലും അതിജീവനം സാധ്യമാകുന്ന നിരവധി ജൈവജാതികളെ ഇവിടെ കാണാൻ കഴിയും. ജൈവസാങ്കേതികവിദ്യയുടെ കാലഘട്ടത്തിൽ സവിശേഷമായ നിരവധി ജീനുകളുടെ ഒരു കലവറയായും വരണ്ട ഭൂമികളെകണക്കാക്കാം. വരണ്ടഭൂമികളിൽ ജൈവജാതികളുടെ എണ്ണത്തിൽ കുറവുണ്ടാകുമെങ്കിലും അവയുടെ ജനിതക വൈവിധ്യം ഏറിയിരിക്കും. ഔഷധസസ്യങ്ങളും ധാന്യങ്ങളും കിഴങ്ങുവർഗങ്ങളും ധാരാളമായി ഇവിടെ കൃഷി ചെയ്തുവരുന്നു. ഇവയുടെ വന്യജാതികൾക്ക് പേരുകേട്ട സ്ഥലങ്ങളാണ് വരണ്ടഭൂമികൾ. കാർഷിക ജൈവവൈവിധ്യ കേന്ദ്രങ്ങളായ ഈ പ്രദേശങ്ങളിൽ കൃഷിക്ക് അനുയോജ്യമായ പല സംയോജിത, മിശ്രിത കൃഷി രീതികളും കർഷകർ പരമ്പരാഗതമായി സ്വായത്തമാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ പരമ്പരാഗത പരിസ്ഥിതി വിജ്ഞാനത്തിന്റെ കേന്ദ്രങ്ങളുമാണ് ഈ ഭൂപ്രദേശങ്ങൾ.



Scanned by CamScanner

ഇന്ന് ആഫ്രിക്ക കഴിഞ്ഞാൽ ഏറ്റവുമധികം മരുവൽക്കരണം നടക്കുന്ന പ്രദേശം ചൈനയാണ്. ഗോബി മരുഭൂമി ചൈനയുടെ തലസ്ഥാനമായ ബീജിംഗിന് 50 മൈൽ അടുത്തെത്തിയിരിക്കുന്ന ഈ അവസരത്തിൽ സർക്കാർ മരുവൽക്കരണം തടയാനുള്ള ശ്രമത്തിലാണ്. മരുഭൂമികൾ വ്യാപകമാവുന്ന ചൈനയിൽ നിന്നുള്ള മണൽക്കാറ്റ് തൊട്ടടുത്ത രാജ്യങ്ങളായ കൊറിയയിലും ജപ്പാനിലും ഭീഷണി ഉയർത്തുന്നു. ലോകത്ത് ഏറ്റവുമധികം ധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ചൈനയിൽ എന്താണ് സംഭവിക്കുന്നത്? ഒന്ന്, ഊർജിതമായി നടക്കുന്ന കടുംകൃഷി. രണ്ട്, ലോകത്ത് ഏറ്റവുമധികം കന്നുകാലികൾ ഉള്ള രാജ്യമായി മാറി ചൈന. കടുംകൃഷിമൂലം മണ്ണ് മരിച്ചുതുടങ്ങുന്നു. ഏതുസസ്യങ്ങളുടെ വളർച്ചയ്ക്കും പോഷകങ്ങൾ കൂടിയേതീരൂ. എന്നാൽ സസ്യങ്ങളുടെ വളർച്ചയ്ക്ക് ആവശ്യമായ എല്ലാ മൂലകങ്ങളും രാസവളങ്ങളായി നൽകാൻ നമുക്ക് സാധിക്കില്ല. ബാക്കിയുള്ളവയുടെ സൃഷ്ടിക്ക് മണ്ണിലെ സൂക്ഷ്മജീവികൾ കൂടിയേതീരൂ. അനിയന്ത്രിതമായ രാസവളങ്ങളുടെയും കീടനാശിനികളുടെയും പ്രയോഗം മണ്ണിലെ സൂക്ഷ്മജീവികളെ നശിപ്പിക്കുകയും കാലക്രമേണ മണ്ണിന്റെ വളക്കൂറ് ഇല്ലാതാകയും ചെയ്യും. കടുംകൃഷികാരണം കൃഷിയിടങ്ങൾ തരിശുഭൂമികളായി മാറുന്നു. ഇത്തരം ഉദാഹരണങ്ങൾ കടുംകൃഷിനടക്കുന്ന പഞ്ചാബിലും ഹരിയാനയിലും നമുക്ക് കാണാനാവും.

അമിതമായ ജലസേചനവും കാലക്രമത്തിൽ മണ്ണിനെ നശിപ്പിക്കുന്നു. ചൂടുകൂടുതലുള്ള പ്രദേശങ്ങളിൽ വെള്ളം പെട്ടെന്ന് ബാഷ്പീഭവിച്ചുപോവുകയും വെള്ളത്തോടൊപ്പം മണ്ണിനടിയിലെ ലവണങ്ങൾ മുകളിലെത്തുകയും ചെയ്യും. അങ്ങനെ മണ്ണിന്റെ ലവണത കൂടുകയും അവ കൃഷിക്ക് അനുയോജ്യമല്ലാതെ മാറുകയും ചെയ്യും. അമിതമായി ജലം പമ്പുചെയ്യുന്നത് ഭൂഗർഭജലവിതാനത്തിലും കാര്യമായ കുറവുണ്ടാക്കും. ഭാരതത്തിൽ കാർഷികാവശ്യത്തിന് ഭൂഗർഭജലം ഉപയോഗിക്കുന്ന പ്രദേശങ്ങളിൽ ജലവിതാനത്തിൽ 3 മീറ്റർ വരെ കുറവുണ്ടായിട്ടുണ്ടെന്നാണ് കണക്ക്. കടുംകൃഷികാരണം തരിശാകുന്ന ഭൂമിയിൽ സസ്യാവരണം പൂർണമായി നഷ്ടപ്പെടുകയും ഇത് ബാഷ്പീഭവനത്തിന്റെ അളവ് വർധിപ്പിക്കുകയും ചെയ്യുമ്പോൾ മരുവൽക്കരണം വ്യാപകമാവുന്നു. ഇതുകൂടാതെ ആഗോളതപനം പോലുള്ള കാലാവസ്ഥാ വ്യതിയാനങ്ങളും മരുവൽക്കരണത്തിന്റെ തോത് ഗണ്യമായി വർധിപ്പിച്ചിട്ടുണ്ട്.

മനുഷ്യന്റെ ഇടപെടലുകൾ, ആർദ്രമായ ഭൂമി വരണ്ടഭൂമിയാവുന്നതിനും അവ പിന്നീട് മരുഭൂമിയായി മാറുന്നതിനും വഴിവച്ചിട്ടുണ്ട്. വരണ്ടഭൂമിയെ പാഴ്ഭൂമിയായി കണ്ട് അവിടെ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ മരുവൽക്കരണത്തിന് നാം ആക്കം കൂട്ടുകയാണ് ചെയ്യുക. കേരളം ഇന്ന് നേരിടുന്ന കുടിവെള്ളക്ഷാമത്തിന് പ്രധാനകാരണം ചതുപ്പുപ്രദേശങ്ങളും പാടങ്ങളും കുളങ്ങളും നികത്തിയതു തന്നെയാണെന്നു കാണാം. വളക്കൂറുള്ള പ്രദേശങ്ങൾ ഏകവിളകൃഷിക്കായി തിരഞ്ഞെടുത്തതും മണ്ണിന്റെ നാശത്തിന് ഇടയാക്കിയിട്ടുണ്ട്. തരിശുഭൂമി വ്യാപിക്കുന്നത് ഭക്ഷ്യസുരക്ഷയെയും ബാധിച്ചു തുടങ്ങിയിട്ടുണ്ട്. ധാന്യങ്ങൾ ഇറക്കുമതി ചെയ്യാതെ നിലനിൽക്കാനാവില്ല എന്ന സ്ഥിതിയിൽ ആയിരിക്കുന്നു കേരളം. മണ്ണിന്റെ നാശത്തോടൊപ്പം പല പ്രദേശങ്ങളിലും ഉണ്ടായിരിക്കുന്ന സാമൂഹികസാമ്പത്തിക രാഷ്ട്രീയ പ്രശ്നങ്ങളും കണ്ടില്ലെന്ന് നടിക്കാനാവില്ല. മണ്ണിന്റെ അപചയം കൊണ്ടുമാത്രം ഓരോവർഷവും ലോകത്ത് 42 ബില്യൺ ഡോളർ കാർഷികനഷ്ടം ഉണ്ടാവുന്നുവെന്നാണ് കണക്ക്. ലോകത്തെ കൃഷിയിടങ്ങളിൽ മൂന്നിലൊന്നുഭാഗം മണ്ണൊലിപ്പുകൊണ്ട് തരിശുഭൂമിയായതിനാൽ ഉപേക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ മനുഷ്യന്റെ കടന്നുകയറ്റം കൊണ്ടോ കൃഷിനാശം കൊണ്ടോ 20 ദശലക്ഷം ഹെക്ടർ കൃഷിയിടങ്ങൾ ഓരോ വർഷവും നശിച്ചുപോകുന്നുണ്ട്. മണ്ണിനെ മാത്രം ആശ്രയിച്ച് ജീവസന്ധാരണം നടത്തുന്ന ജനവിഭാഗങ്ങളാണ് ഇതുകൊണ്ടുണ്ടാവുന്ന നഷ്ടങ്ങളത്രയും പേറേണ്ടിവരുന്നത്. പരിസ്ഥിതിയുടെ സേവനങ്ങൾ ഇല്ലാതാവുന്നതിലൂടെ മനുഷ്യനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന്റെ കണക്കെടുപ്പ് ഭാരതത്തിൽ ഇനിയും കാര്യമായി നടന്നിട്ടില്ല. അത്തരമൊരു കണക്കെടുപ്പിലൂടെ മാത്രമേ നഷ്ടങ്ങളുടെ കൃത്യമായ കണക്ക് ആസൂത്രണം, നയരൂപീകരണം, ഭരണം എന്നീതലങ്ങളിൽ പ്രവർത്തിക്കുന്നവരെ മനസ്സിലാക്കിക്കാൻ നമുക്ക് സാധിക്കൂ.

ഈ വർഷം മരുവൽക്കരണത്തെപ്പറ്റി അന്താരാഷ്ട്രതലത്തിൽ

(ശേഷം 34-ാം പേജിൽ)



Scanned by CamScanner

(തുടർച്ച 6-ാം പേജിൽനിന്ന്)

നടക്കുന്ന ബോധവൽക്കരണ പരിപാടികൾകൊണ്ട് നമ്മുടെ ചിന്തയിലും പ്രവർത്തനങ്ങളിലും മാറ്റങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. വരണ്ടഭൂമികളുടെ സംരക്ഷണത്തിനും സുസ്ഥിരമായ ഉപയോഗത്തിനും വേണ്ട നടപടികൾക്ക് കൂടുതൽ ഊർജം കൈവരേണ്ട സമയവുമാണിത്. ഭാരതത്തിൽ വരട്ടുകൃഷി ഏറെ അവഗണിക്കപ്പെട്ട ഒന്നാണ്. വരണ്ടഭൂമിയിൽ കൃഷിചെയ്തിരുന്ന ധാന്യങ്ങൾ, പയറുവർഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ ഉൽപ്പാദനം രാജ്യത്ത് കാര്യമായി കുറഞ്ഞിട്ടുണ്ട്. 93-ാമത് ഇന്ത്യൻ സയൻസ് കോൺഗ്രസ് ഉൽഘാടനം ചെയ്ത വേളയിൽ ഭാരതത്തിൽ രണ്ടാമത്തെ ഹരിതവിപ്ലവത്തെക്കുറിച്ചും വരട്ടുകൃഷിയിൽ ശ്രദ്ധയൂന്നേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും പ്രധാനമന്ത്രി മൻമോഹൻ സിംഗ് എടുത്തു പറയുകയുണ്ടായി.

പാരിസ്ഥിതികമായി ഏറെ മാറിയിരിക്കുന്ന ലോകത്തിൽ നമ്മുടെ ചിന്തകളിലും സമീപനങ്ങളിലും മാറ്റങ്ങൾ അനിവാര്യമാണ്. സ്ഥിതിഗതികളുടെ ഗുരുതരാവസ്ഥ മനസ്സിലാക്കിയ ചൈനീസ് സർക്കാർ കൃഷിയിടങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കാൻ കർഷകർക്ക് ധനസഹായം ചെയ്തുതുടങ്ങിയിരിക്കുന്നു. പ്രകൃതിക്ക് അനുയോജ്യമായ കൃഷിരീതികളിലേക്ക് നാം മടങ്ങിപ്പോകേണ്ടിയിരിക്കുന്നു. ജൈവകൃഷിയുടെ സാധ്യതകളും മണ്ണിന്റെ വളക്കൂറ് വർധിപ്പിക്കാൻ ഫലവത്തായ സൂക്ഷ്മജീവികളുടെ ഉപയോഗവും പൂർണമായി പ്രയോജനപ്പെടുത്തണം. ജലസേചനത്തിലൂടെ വെള്ളം പാഴാക്കിക്കളയുന്ന രീതിക്ക് മാറ്റം വരണം. ഡ്രിപ്പ് ഇറിഗേഷന് കൂടുതൽ സ്വീകാര്യത കൈവരണം. കൃഷിയിടങ്ങളും, ചതുപ്പുകളും, കുളങ്ങളും നികത്തുന്നത് പൂർണമായി തടയാൻ കഴിയണം. മലിനീകരണം തടയാനും വിദേശജൈവജാതികളുടെ കടന്നുകയറ്റം തടയാനും ബോധപൂർവ്വമായ ശ്രമങ്ങൾ വേണം.

കേരളത്തിന്റെ വികസന പദ്ധതികളിൽ നീർത്തട വികസനം പ്രധാന അജണ്ടയായി മാറണം. ജലസംരക്ഷണത്തിന് പരമ്പരാഗതമാർഗങ്ങൾക്കൊപ്പം മഴവെള്ള സംഭരണം മലയാളിയുടെ ജീവിതചര്യയുടെ ഭാഗമായി മാറേണ്ടിയിരിക്കുന്നു. സൗജന്യമായി അരി നൽകുന്നതിലൂടെ സുസ്ഥിരമായി നടപ്പിലാക്കാവുന്ന ഒന്നല്ല ദാരിദ്ര്യനിർമാർജനം എന്ന തിരിച്ചറിവും വേണം. ദാരിദ്ര്യനിർമാർജനവും മണ്ണിന്റെ വളക്കൂറ് നിലനിറുത്തുന്നതുമായി ഏറെബന്ധമുണ്ട്. ദൈവത്തിന്റെ സ്വന്തം നാട്ടിൽ നമുക്ക് മരുഭൂമികൾ സൃഷ്ടിക്കാതിരിക്കാം. പാരമ്പര്യം മറക്കാതിരിക്കാം. അഥർവവേദത്തിൽ ഭൂമിസൂക്തത്തിലെ ഒരു ഭാഗം ഓർത്തുപോവുന്നു:

> "ഞാൻ നിന്നിൽ നിന്നും കുഴിച്ചെടുക്കുന്നത്
> പെട്ടെന്ന് വളരുമാറാകട്ടെ.
> നിന്റെ ചേതനയെയോ ഹൃദയത്തെയോ തൊടാൻ
> എനിക്ക് കഴിയാതിരിക്കട്ടെ."

ലേഖകൻ കേരളസംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസറാണ്.

പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ, കേരളസ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്, കെ.എഫ്.ആർ.ഐ, പീച്ചി - 680 653

തുടർച്ച 8-ാം പേജിൽനിന്ന്

നുമാണ്. ജൂലൈ എട്ടിന് മൂന്നാംസ്ഥാനക്കാരെകണ്ടെത്തുവാനുള്ള ലൂസേഴ്സു ഫൈനൽ സ്റ്റുട്ട്ഗാർട്ട് നഗരത്തിൽ. തലസ്ഥാനനഗരമായ ബർലിനിൽ ജൂലൈ ഒൻപതിന് കായികവിനോദങ്ങളുടെ പരമോന്നത പദവിക്ക് വേണ്ടിയുള്ള ലോക കപ്പ് മൽസരങ്ങളുടെ കലാശക്കളി.

ആതിഥേയരായ ജർമനിയും, നിലവിലെ ജേതാക്കളായ ബ്രസീലും തമ്മിലുള്ള ഡ്രീം ഫൈനലാണ്, കായികലോകം ആഗ്രഹിക്കുന്നത്. ബ്രസീലിനെ നിഴൽപോലെ പിൻതുടരുന്ന ജർമനി കഴിഞ്ഞ തവണ ഫൈനലിൽ ഏറ്റ പരാജയത്തിന് പകവീട്ടാനായിട്ടാണ്, അവരുടെ ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞനിരയുമായി രംഗത്തിറങ്ങുന്നത്. ആതിഥേയർ എന്നനിലയിൽ അവർക്ക്, ഒരൽപ്പം മുൻതൂക്കമുണ്ടെങ്കിലും കായിക മികവിൽ പ്രത്യേകിച്ച് കളിക്കളത്തിൽ ചിത്രം വരയ്ക്കാനും കൊതിയൂറുന്ന ഗോളുകളുതിർക്കാൻ, ബ്രസീലിയൻ താരങ്ങൾക്ക് കഴിയുമെന്നതും, ഇവർ കലാശക്കളിക്കെത്തിയാൽത്തന്നെ: വിജയം നിർണയിക്കാനാകാത്ത, അനിശ്ചിതത്വമുണ്ടാക്കും; ഇവർക്കൊപ്പം അർജന്റീന, ഇറ്റലി, ഹോളണ്ട്, ചെക്ക് റിപ്പബ്ലിക് എന്നീ ടീമുകളെയും കണക്കിലെടുക്കേണ്ടതുണ്ട്.

ലോകത്തിന്റെ പൂർണശ്രദ്ധ ജർമനിയിലേക്കാകും; ആര്യൻ മേധാവിത്വത്തിനുവേണ്ടി ശാഠ്യംപിടിച്ച് ലോകത്തിന്റെ മുന്നിൽ അപഹാസ്യനായ ഹിറ്റ്ലർ ജർമൻ ജനതയുടെ മേലൊഴുക്കിയ കളങ്കത്തിന്റെ കറകൾ കഴുകിക്കളയാൻ, ലോകകപ്പിന്റെ വിജയകരമായ സംഘാടകമികവ് ജർമൻകാരെ സഹായിക്കും.

Scanned by CamScanner